## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5336

23/05/2017-ൽ മറുപടിയ്ക്ക്

## അറവുശാലകൾക്ക് ലൈസൻസുകൾ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധ മേഖലകളിലെ അറവുശാലകളിൽ നിന്നും വില്ക്കുന്ന മാംസങ്ങൾ മായം കലർന്നിട്ടുള്ളതാണെന്നും, മൃഗങ്ങളെ കൊല്ലുന്നതിന് ദിവസങ്ങൾക്ക് മുൻപ് ഇവയുടെ കിഡ്നി കേടാകുന്നതിനുള്ള കുത്തിവയ്പ്പ് നൽകി, തൂക്കം ഇരട്ടിപ്പിച്ചശേഷം, കൊല്ലുന്നത് കാരണം മനുഷ്യരുടെ കിഡ്നി കേടാകുന്ന മരുന്ന് കലർന്ന മാംസമാണ് അവരെ കഴിപ്പിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | നിലവിൽ കേരളത്തിലുള്ള അറവുശാലകൾക്ക് ഒന്നും തന്നെ ലൈസൻസുകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ 6 അറവുശാലകളും ഗ്രാമ പ്രദേശത്ത് സ്വകാര്യ ഉടമസ്ഥതയിൽ ലൈസൻസുള്ള 24 അറവുശാലകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാവേലിക്കര, കല്പറ്റ, കട്ടപ്പന, |

| | | | |
|---|---|---|---|
| | | | ആറ്റിങ്ങൽ, തൃശ്ശൂർ എന്നീ നഗരസഭകളിലെ അറവുശാലകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. തിരുവല്ല നഗരസഭയിലെ അറവുശാലയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ Concent to Operate Certificate -ഉം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള വയ്ക്ക് നിലവിൽ ലൈസൻസ് ഇല്ല. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് ശേഷം മാത്രമേ ആട്ടുമാടുകളെ കശാപ്പുചെയ്യാവൂ എന്ന നിയമം ഇവിടെ പാലിയ്ക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈസൻസുള്ള അറവുശാലകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ശേഷം മാത്രമേ മൃഗങ്ങളെ കശാപ്പ് ചെയ്യാവൂ എന്ന് വ്യവസ്ഥ പാലിക്കാത്തതിനെകുറിച്ച് പരാതി ലഭിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റിയ്ക്ക് ബാദ്ധ്യതയുണ്ട്. |

**സെക്ഷൻ ഓഫീസർ**